"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ആറ്റുകാൽ പൊങ്കാല മഹോത്സവം 2025 - സീവേജ് ഡിവിഷൻ - പൂർത്തീകരിച്ച പ്രവർത്തനങ്ങൾക്ക് ചെലവായ തുക റിലീസ് ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.494/2026/LSGD തീയതി, തിരുവനന്തപുരം, 26-02-2026

---

പരാമർശം:-
1. സ.ഉ.(സാധാ) നം. 491/2025/തസ്വഭവ; തീയതി 17.02.2025
2. സ.ഉ.(സാധാ) നം.624/2025/തസ്വഭവ; തീയതി 06.03.2025
3. സ.ഉ.(സാധാ) നം.1222/2026/ധന; തീയതി 09.02.2026
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 31.10.2025-ലെ DCTVM/12567/2024-S9 നമ്പർ കത്ത്

**ഉത്തരവ്**

2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ നിർവഹിക്കേണ്ട പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിലേയ്ക്കായി പരാമർശം (1), (2) പ്രകാരം യഥാക്രമം 1,99,47,421/- രൂപയുടെയും, 69,20,000/- രൂപയുടെയും ഭരണാനുമതി നൽകി ഉത്തരവായിരുന്നു.

2. 2025-ലെ ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട മുന്നൊരുക്കങ്ങളുടെ ഭാഗമായി നിർവ്വഹണ ഏജൻ സിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ സീവേജ് ഡിവിഷൻ പൂർത്തീകരിച്ച പ്രവൃത്തികളുടെ ചെലവായ **1,26,45,345**/- രൂപ (ഒരു കോടി ഇരുപത്താറ് ലക്ഷത്തി നാൽപ്പത്തയ്യായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) അനുവദിക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (4) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

3. പരാമർശം (3) പ്രകാരം 1,38,27,000/- രൂപ അധിക ധനാനുമതിയായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

4. മേൽ സാഹചര്യത്തിൽ, 2025-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് നിർവ്വഹണ ഏജൻസിയായ എക്സിക്യൂട്ടീവ് എഞ്ചിനീയർ സീവേജ് ഡിവിഷൻ പൂർത്തീകരിച്ച പ്രവൃത്തികളുടെ ചെലവായ **1,26,45,345**/- രൂപ (ഒരു കോടി ഇരുപത്താറ് ലക്ഷത്തി നാൽപത്തയ്യായിരത്തി മുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) "2217-01-800-94 ആറ്റുകാൽ പൊങ്കാല ഉത്സവത്തിനുള്ള ധനസഹായം (PV)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

4. മേൽ പ്രകാരം അധിക ധനാനുമതിയായി ലഭ്യമായ തുക ധന:പുനർവിനിയോഗം / ഉപധനാഭ്യർത്ഥന വഴി നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് ക്രമീകരിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ശീർഷകത്തിന്റെ ചുമതലയുള്ള കൺട്രോളിംഗ് ഓഫീസർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, തിരുവനന്തപുരം നഗരസഭ

സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ. ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ധനകാര്യ (ഡെവ-വിംഗ്) വകുപ്പ് (11.02.2026 -ലെ ഡെവ-2/245/2025-ധന പ്രകാരം)

കരുതൽ ഫയൽ./ ഓഫീസ് കോപ്പി : (LSGD-IA2/200/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 26-02-2026 16:47:36

സെക്ഷൻ ഓഫീസർ